DESPATCHED
On...13.3.2020
21/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1884*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14497** /*എസ്.ഐ.സി–ജി* **6/19**)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ജോസ് എം.പി,<br>മണലിപറമ്പിൽ വീട്,<br>പെരിങ്ങണ്ടൂർ പി.ഒ, തൃശ്ശൂർ – 680581. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്,<br>തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി,<br>ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.08.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോസ് എം.പി, 29.08.2019 ന് സമർപ്പിച്ച അപ്പീൽ ഹർജി 02.09.2019 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1884(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.06.2019 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ ലാബുകൾ (മനുഷ്യരുടെ മലം, രക്തം, മൂത്രം മുതലായവ പരിശോധിക്കുന്നവ) എത്ര? സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികൾക്ക് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്ത്?, സ്വകാര്യ ലാബുകളിൽ ജോലിചെയ്യുന്ന ലാബ് ടെക്നീഷ്യന്മാർക്ക് വേണ്ട യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ യോഗ്യതയുള്ളവരാണോ എല്ലാ ലാബുകളിലും പ്രവർത്തിക്കുന്നത് എന്നതുമായി ബന്ധപ്പെട്ട് 5 വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 16.11.2019 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 10.06.2019 ൽ നൽകിയ അപേക്ഷ പരിശോധിച്ചതിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു ആവശ്യപ്പെട്ടിരുന്നത്. സ്വകാര്യ ലാബുകൾ സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ലാത്തതിനാലാണ് നൽകാൻ കഴിയാത്തത്. ആവശ്യപ്പെട്ടിരിക്കുന്നതിൽ എന്തെങ്കിലും വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയത് ടിയാന് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ടി അപേക്ഷ കൈമാറുകയും ടി വിവരം 22.06.2019 ലെ കത്ത് പ്രകാരം അപ്പീൽ ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 01.07.2019 ൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ ലഭ്യമായ വിവരങ്ങൾ 22.07.2019 ൽ നൽകുകയും ചെയ്തു.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ പ്രസ്തുത വകുപ്പിൽ ലഭ്യമല്ലാതിരുന്നതിനാലാണ് അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയതെന്നും ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളുംപരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ പ്രസ്തുത വകുപ്പിൽ ലഭ്യമല്ലാതിരുന്നതിനാലാണ് അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയതെന്നും ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച ഓഫീസിൽ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ വിവരം നിക്ഷിപ്തമായ ഓഫീസിലേക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം 5 ദിവസത്തിനകം കൈമാറണമായിരുന്നു. ആയത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

JN

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM